**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **14-09-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭയിലെ മാർക്കറ്റ് ആധുനികവൽക്കരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോട്ടക്കൽ നഗരസഭയിലെ മാർക്കറ്റ് ആധുനികവത്കരിക്കുന്ന പദ്ധതിയുടെ Fire NoC, PCB NoC എന്നിവ ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ Design Review ഫയലുകൾ കിഫ്ബിയിൽ പരിശോധിച്ച് വരികയാണ്. Design Review finalize ചെയ്യുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും Structural scrutiny Report ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; സാങ്കേതികാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ശേഷിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല. കിഫ്ബിയിൽ നിന്ന് പദ്ധതിയുടെ Design Review finalize ചെയ്യുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും Structural scrutiny Report ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |
| (സി) | മാർക്കറ്റ് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മാർക്കറ്റ് പദ്ധതികൾ ലോൺ തിരിച്ചടവ് മാതൃകയിലാണ് അംഗീകരിച്ചിട്ടുള്ളത്.<br><br>Revenue Sharing - മായി ബന്ധപ്പെട്ട കാര്യങ്ങളിൽ കിഫ്ബിയിൽ നിന്നും അന്തിമ തീരുമാനം 2021 നവംബർ മാസത്തിൽ നൽകിയതിനെ തുടർന്ന് 2022 ഫെബ്രുവരി മാസത്തിലാണ് ടി തീരുമാനങ്ങൾ അംഗീകരിച്ച് പദ്ധതികളുമായി മുന്നോട്ട് പോകുന്നതിന് സമ്മതമാണെന്ന് നഗരസഭകൾ അറിയിച്ചിട്ടുള്ളത്.<br><br>കൂടാതെ കിഫ്ബിയുടെ Guidelines പ്രകാരം 2500 m2 - ന് മുകളിൽ ഏരിയ വരുന്ന കെട്ടിടങ്ങൾ GRIHA Rating - ന് പോകേണ്ടതുള്ളതിനാൽ ആയതിന് ആവശ്യമായ items Estimate - ൽ SPV ചേർക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | GRIHA എസ്റിമേറ്റ്സ് ചേർക്കൽ , Design Review Finalization എന്നിവ കഴിഞ്ഞാലുടൻ സാങ്കേതികാനുമതി നൽകി, ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി അടിയന്തിരമായി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ